**ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയുടെ അറുപത്തിയേട്ടാമത് സമ്മേളനത്തിന്റെ ഭാഗമായി ജി4 രാജ്യങ്ങളുടെ മന്ത്രിമാരുടെ സമ്മേളനത്തിന്റെ പൊതു പത്ര പ്രസ്താവന**

സെപ്തംബർ 26, 201

1. ഐക്യ രാഷ്ട്ര സഭാ ജനറൽ അസംബ്ലിയുടെ അറുപത്തിയെട്ടാം സമ്മേളനം ആരംഭിച്ചതിന്റെ ഭാഗമായി ഐക്യരാഷ്ട്ര സുരക്ഷാസമിതി പരിഷ്കരണത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്ക് വയ്ക്കുന്നതിനായി സെപ്തംബർ 26 നു ബ്രസീൽ വിദേശകാര്യ മന്ത്രി , ജർമ്മനിയുടെ വിദേശകാര്യ ഫെഡറൽ മന്ത്രി , ഇന്ത്യയുടെ വിദേശകാര്യ മന്ത്രി , ജപ്പാൻ വിദേശകാര്യ മന്ത്രി എന്നിവർ കൂടിക്കാഴ്ച നടത്തി. .

2. ഐക്യ രാഷ്ട്ര സഭ നിർമ്മിച്ചിട്ടു ഏകദേശം 70 വർഷങ്ങള് ആയിക്കഴിഞ്ഞിട്ടും രക്ഷാസമിതി പരിഷ്കരണം വൈകുന്നു എന്നു മന്ത്രിമാർ പറഞ്ഞു. നിലവിലുള്ളതടക്കം അന്താരാഷ്ട്ര വെല്ലുവിളികൾ നേരിടുന്ന സുരക്ഷാ സമിതിയുടെ ബുദ്ധിമുട്ടുകൾ അവര് അംഗീകരിച്ചു , പക്ഷേ അത് ഐക്യരാഷ്ട്ര സഭാ രക്ഷാസമിതി പരിഷ്ക്കരണം ആവശ്യമാണ് എന്നു കൂടുതൽ പ്രാമുഖ്യത്തോടെ കാണിക്കുകയാണ് . അതിലൂടെ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ഇന്നത്തെ ആഗോള സാഹചര്യ യാഥാർഥ്യങ്ങള് കൂടുതൽ ഭംഗിയോടെ പ്രതിഫലിക്കുന്നതിനായും സുരക്ഷാസമിതി കൂടുതൽ വിസ്തൃതമായ,

പ്രാതിനിധ്യസ്വഭാവമുള്ളതും കാര്യക്ഷമവും സുതാര്യവും ആക്കുന്നതിനും കൂടുതൽ ഫലപ്രദമായ അവസ്ഥയില് നിയമസാധുതയോടെ അതിന്റെ തീരുമാനങ്ങള് നടപ്പാക്കുവാന് ശക്തിപ്പെടുത്തുന്നതിനും സാധിക്കും . ഏകദേശം പത്തു വർഷം മുൻപ് രണ്ടായിരത്തി അഞ്ചിലെ ലോക ഉച്ചകോടിയുടെ പുറത്തു വന്ന രേഖകളിൽ ( Outcome Document ) രക്ഷാസമിതി പുനഃസംഘടനയെ ത്വരിതപ്പെടുത്താൻ അന്താരാഷ്ട്ര നേതാക്കൾ പ്രതിബദ്ധത പ്രകടിപ്പിച്ചിരുന്നു . ഏറ്റവും നേരത്തെ കുറഞ്ഞത് രണ്ടായിരത്തി പതിനഞ്ചിലെങ്കിലും നിലവിലുള്ള കരാര് വ്യാഖ്യാനിക്കുവാൻ വേണ്ട ശ്രമങ്ങൾ ത്വരിതപ്പെടുത്തണമെന്ന് മന്ത്രിമാർ ഊന്നിപ്പറഞ്ഞു ..

3. മുൻ ജിനാല് സംയുക്ത പ്രസ്താവനകളെ ഓർത്ത് കൊണ്ട് പുനഃസംഘടിപ്പിക്കപ്പെട്ട രക്ഷാസമിതിയെ കുറിച്ചുള്ള തങ്ങളുടെ തുറന്ന കാഴ്ചപ്പാട് മന്ത്രിമാര് ആവർത്തിച്ചു പറഞ്ഞു. അന്താരാഷ്ട്രതലത്തിൽ സമാധാനവും സുരക്ഷയും നിലനിർത്തുന്നതിനൊപ്പം സംഘടനയുടെ മറ്റ് ലക്ഷ്യങ്ങൾക്കും വേണ്ടി രാജ്യങ്ങൾ നല്കിയ സഹായങ്ങള് പരിഗണിച്ചു കൊണ്ടും അതോടൊപ്പം രണ്ടു വിഭാഗങ്ങളിലും വികസ്വരരാജ്യങ്ങളുടെ പ്രാതിനിധ്യം കൂട്ടേണ്ടതു ആവശ്യമാണ്. ഇന്നത്തെ ആഗോള സാഹചര്യ യാഥാർഥ്യങ്ങള് കൂടുതൽ മികവോടെ പ്രതിഫലിപ്പിക്കുവാന് അത് സഹായിക്കും . ഐക്യരാഷ്ട്ര സുരക്ഷാസമിതി പുതിയ സ്ഥിരാംഗത്വം ആഗ്രഹിക്കുന്നവർ എന്ന നിലയിലുള്ള തങ്ങളുടെ പ്രതിബദ്ധത ജി4 രാജ്യങ്ങള് ആവർത്തിച്ചു പറഞ്ഞു അതോടൊപ്പം സ്ഥാനാർഥികളോടുള്ള അവരുടെ പിന്തുണയും . വിശാലമായ സമിതിയിൽ ഇരു വിഭാഗങ്ങളിലും വികസ്വര രാജ്യങ്ങളുടെ പ്രാതിനിധ്യം പ്രത്യേകിച്ചും ആഫ്രിക്കയുടെ പ്രാധാന്യത്തെ കുറിച്ചുള്ള

തങ്ങളുടെ കാഴ്ചപ്പാടുകൾ അവര് ഉറപ്പിച്ച് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ടു ഐക്യരാഷ്ട്ര സഭ സുരക്ഷാ സമിതിയുടെ സമൂല പരിഷ്കരണത്തെ കുറിച്ച് ആഫ്രിക്കയിലെ രാജ്യങ്ങളുമായി കൂടുതൽ ചർച്ചകള് ചെയ്യേണ്ടതിന്റെ പ്രാധാന്യം മന്ത്രിമാര് ഉറപ്പിച്ച് പറയുകയുണ്ടായി. ജൂണിൽ ഐക്യരാഷ്ട്ര സഭാ സുരക്ഷാ സമിതി പരിഷ്കരണത്തെ കുറിച്ച് ഒന്നാമത് ജപ്പാൻ - ആഫ്രിക്ക ഉച്ചകോടി സമ്മേളനം സംഘടിപ്പിച്ചതിന് ജപ്പാൻ ഗവൺമെന്റിനെ അവര് അഭിനന്ദിച്ചു. 'എത്രയും വേഗത്തിൽ , നീണ്ടു നിൽക്കുന്ന സുരക്ഷാ സമിതി പരിഷ്ക്കരണം നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ" കുറിച്ചു കാരികോം രാജ്യങ്ങളുടെയും ഗവൺമെന്റുകളുടെയും തലവവൻമാര് ഫെബ്രുവരി 2013 ല് നടത്തിയ നടപടികളെയും ഇന്റർ ഗവൺമെന്റല് നെഗോഷിയേഷന് പ്രക്രിയയെ വീണ്ടും സജീവമാക്കുവാൻ കാരികോം എടുത്ത സംരംഭങ്ങളെയും അഭിനന്ദനത്തോടെ മന്ത്രിമാർ പരാമർശിച്ചു.

4. രക്ഷാസമിതി പരിഷ്കരണ ചർച്ചകളില് പൊതു സമൂഹം , മാധ്യമങ്ങള് , പഠന ഗവേഷണ വിഭാഗങ്ങൾ എന്നിവയുടെ കൂടുതൽ ഇടപെടലിന്റെ ആവശ്യകത മന്ത്രിമാർ അംഗീകരിച്ചു . ഈ വിഷയവുമായി ബന്ധപ്പെട്ടു ഐക്യ രാഷ്ട്ര സഭാ സുരക്ഷാസമിതി പരിഷ്കരണത്തിന്റെ അത്യാവശ്യകത, അനിവാര്യത ചർച്ചകള് വിപുലമാക്കുന്നതിന് വേണ്ടി ഈ വർഷം ഏപ്രിലില് ഒരു സെമിനാര് സംഘടിപ്പിക്കുവാൻ ബ്രസീൽ മുൻകൈയെടുത്തത്തിനെ അവര് സ്വാഗതം ചെയ്തു .

5. സുരക്ഷാസമിതി പരിഷ്കരണത്തിനു വേണ്ടി ഇന്റർ ഗവൺമെന്റല് ചർച്ചകളുടെ ഒൻപതാം വട്ട ചർച്ചകളില് നിന്നും ഉരുത്തിരിഞ്ഞ കാര്യങ്ങൾ മന്ത്രിമാര് ചർച്ച ചെയ്തു . ചർച്ചകളില് , ഇന്റർ ഗവൺമെന്റല് നെഗോഷിയേഷൻസ്

അദ്ധ്യക്ഷൻ ആദരണീയനായ അംബാസഡര് സാഹിര് ടാനിന്റെ പങ്കിനെ കുറിച്ച് മന്ത്രിമാര് ഊന്നിപ്പറയുകയുണ്ടായി. അത് ജനറൽ അസംബ്ലി പ്രസിഡന്റിന് 25 ജൂലൈ 2012 ല് ടാനിന് അയച്ച കത്തില് പ്രകടമായി പ്രതിഫലിക്കുകയുണ്ടായി. അതിലെ നിർദേശങ്ങളെ അവര് സ്വാഗതം ചെയ്തു. ഈ വിഷയത്തോട് ചേർന്ന് , അംഗത്വം , സ്ഥിര - അസ്ഥിരാംഗത്വം എന്നീ വിഭാഗങ്ങളിൽ രക്ഷാസമിതി വിപുലമാക്കുവാനുള്ള, അംഗ രാജ്യങ്ങൾ നൽകുന്ന പിന്തുണക്കു അംഗ രാജ്യങ്ങള് തമ്മിലുള്ള ചർച്ച പ്രക്രിയകളില് ഇത് പ്രധാന ഘടകം ആകുമെന്ന് മന്ത്രിമാർ ആവർത്തിച്ചു പറഞ്ഞു. ചെയർമാന്റെ നിർദേശങ്ങൾക്ക് ചേരും വിധം കൂടുതല് ചർച്ചകൾക്ക് അടിസ്ഥാന ആവശ്യമായി ഒരു സംക്ഷിപ്തമായ കർമ്മപദ്ധതി ഉണ്ടാക്കണമെന്നും അവർ പറഞ്ഞു .

6. അറുപത്തിയെട്ടാം യോഗത്തിന്റെ അനൗപചാരിക പൂർണസമ്മേളനത്തില് അദ്ധ്യക്ഷൻ കൈവരിച്ച പുരോഗതിയിലും നിർദേശങ്ങളിലും അടിസ്ഥാനമാക്കി ഇന്റർ ഗവൺമെന്റല് നെഗോഷിയേഷന് പ്രക്രിയ എത്രയും പെട്ടെന്നു തുടരുവാനുള്ള ജനറൽ അസംബ്ലി തീരുമാനത്തെ മന്ത്രിമാര് സ്വാഗതം ചെയ്തു . ഐക്യരാഷ്ട്ര സഭയുടെ ജനറല് അസംബ്ലി അറുപത്തിയെട്ടാം സമ്മേളനത്തിൽ പ്രത്യക്ഷമായ പുരോഗതി കൈവരണമെന്ന ആവശ്യത്തെ മന്ത്രിമാർ അടിവരയിട്ടു പറഞ്ഞു , അതിനായി കലർപ്പില്ലാതെ , ചർച്ചകളിലൂടെ മറ്റ് അംഗ രാജ്യങ്ങൾ , അംഗ രാജ്യങ്ങളിലെ സംഘങ്ങൾ പ്രത്യേകിച്ചു ആഫ്രിക്ക എന്നിവയുമായി ചേർന്ന് വളരെ അടുത്ത സഹകരണത്തിൽ പ്രവർത്തിക്കുവാനുള്ള പ്രതിബദ്ധത അവർ പ്രകടിപ്പിച്ചു .

7. അറുപത്തിയേഴാം ജനറൽ അസംബ്ലി പ്രസിഡന്റ് ആദരണീയനായ ശ്രീ വുക് ജെറെമിക് (Mr. Vuk Jeremic ) , ഇന്റർ ഗവൺമെന്റല് അദ്ധ്യക്ഷന് ആദരണീയനായ അംബാസഡർ

സാഹിർ ടാനിന് എന്നിവരുടെ പരിശ്രമങ്ങൾക്ക് മന്ത്രിമാർ നന്ദി രേഖപ്പെടുത്തി. സുരക്ഷാ കൌൺസിലില് വളരെ അടിയന്തിരമായി നടപ്പാക്കേണ്ട മാറ്റങ്ങൾ നടപ്പാക്കുന്നതിന് അറുപത്തിയെട്ടാം ജനറൽ അസംബ്ലി പ്രസിഡന്റ് ആദരണീയനായ ശ്രീ ജോൺ ആഷ് , ഇന്റര് ഗവൺമെന്റല് നെഗോഷിയേഷൻസ് അദ്ധ്യക്ഷന് എന്നിവരുമായി അടുത്തു പ്രവർത്തിക്കാന് അവര് താൽപര്യത്തോടെ പ്രതീക്ഷിക്കുന്നു.

.

**ലൂയി ആൽബെർട്ടോ ഫിഗ്യൂരീഡോ മക്കാഡോ**
എക്സ്റ്റേർണല് റിലേഷൻസ് മന്ത്രി , ബ്രസീൽ

**ഗിഡോ വെസ്റ്റർവെല്**
ഫെഡറൽ മന്ത്രി , വിദേശകാര്യ മന്ത്രാലയം, ജർമനി

**സൽമാന് ഖുർഷിദ്**
വിദേശകാര്യ വകുപ്പ് മന്ത്രി , ഇന്ത്യ

**ഫ്യൂമിയോ കിഷിദ**
വിദേശകാര്യ വകുപ്പ് മന്ത്രി , ജപ്പാൻ

**ന്യൂയോർക്ക്**
**സെപ്തംബർ 26, 2013**